3. തൃശ്ശൂരിലെ മിൽമാ ട്രെയിനിംഗ് സെന്റർ ആധുനികവൽക്കരിക്കുന്നതിനും ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുമായി 23 ലക്ഷം രൂപ.

4. വയനാട് ജില്ലയിൽ പ്രതിദിനം 300 മെട്രിക് ടൺ സ്ഥാപിത ശേഷിയുള്ള കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് 2000 ലക്ഷം രൂപ.

5. കൂടാതെ തിരുവനന്തപുരം മേഖലാ യൂണിയൻ സമഗ്ര വികസന പദ്ധതികൾക്കായി 2341 ലക്ഷം രൂപയുടേയും എറണാകുളം മേഖലാ യൂണിയൻ 1088 ലക്ഷം രൂപയുടേയും മലബാർ മേഖലാ യൂണിയൻ 2800 ലക്ഷം രൂപയുടേയും വികസന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

(സി) ചർച്ചയുടെ ഫലമായി മിൽമ ആവശ്യപ്പെട്ട 8810 ലക്ഷം രൂപയുടെ പദ്ധതികൾക്ക് 70% അതായത് 6170 ലക്ഷം രൂപ ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും ലോണായിട്ടും ബാക്കി തുക മിൽമ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഡയറി സയൻസ് കോളേജ്

123 [430] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഡയറി സയൻസ് കോളേജ് ഇടുക്കി ജില്ലയിൽ കോലാഹലമേട്ടിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഡയറി സയൻസ് കോളേജ് കോലാഹലമേട്ടിൽ തുടങ്ങുന്നതിനായി കെ. എൽ. ഡി. ബോർഡിൽ നിന്ന് സ്ഥലവും കെട്ടിടവും എന്നാണ് വാങ്ങിയത് എന്നും ഇതിനായി എത്ര സംഖ്യ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) കെ. എൽ. ഡി. ബോർഡിൽ നിന്നും വാങ്ങിയ സ്ഥലത്ത് കോളേജിനായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിരുന്നോ എന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിന് പൊതുമേഖലാ സ്ഥാപനമായ കെ. ഐ. റ്റി. സി. ഒ. യ്ക്ക് നൽകിയ സംഖ്യ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഇ) കെട്ടിടങ്ങളുടെ നിർമ്മാണത്തിന് യൂണിവേഴ്സിറ്റി എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) കെ. എൽ. ഡി. ബോർഡിന്റെ തൊഴിലാളികളെ സർവ്വകലാശാല ഏറ്റെടുത്തതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(ജി) ഡയറി സയൻസ് കോളേജ് കോലാഹലമേട്ടിൽ തുടങ്ങേണ്ടതില്ല എന്ന് സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇതുസംബന്ധിച്ച് സർവ്വകലാശാല എടുത്ത തീരുമാനത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ;

(ഐ) കെ. എൽ. ഡി. ബോർഡിൽ നിന്നും വാങ്ങിയ സ്ഥലം തിരിച്ച് കെ. എൽ. ഡി. ബോർഡിന് വിൽക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി നിശ്ചയിച്ച വില എത്ര എന്നും എത്ര തുക ലഭിച്ചു എന്നും വിശദമാക്കുമോ;

(ജെ) സർവ്വകലാശാലയുടെ കൈവശമുള്ള മറ്റെങ്കിലും സ്ഥലമോ, സ്റ്റേഷനുകളോ, കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിനുവേണ്ടി കെ. എൽ. ഡി. ബോർഡിന്റെ വക 84 ഹെക്ടർ സ്ഥലം സർവ്വകലാശാലയ്ക്ക് കൈമാറുകയും കോളേജ് ആരംഭിക്കുന്നതിനുവേണ്ടി കോലാഹലമേട്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക പരാധീനത കാരണം പ്രസ്തുത സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തി വയ്ക്കാൻ തീരുമാനിച്ചു. കെ. എൽ. ഡി. ബോർഡിനു കൊടുത്ത പണം തിരികെ കെ. എ. യു. വാങ്ങി.

(ബി) ഡയറി സയൻസ് കോളേജ് കോലാഹലമേട്ടിൽ തുടങ്ങുന്നതിനുവേണ്ടി കെ. എൽ. ഡി. ബോർഡ് വക സ്ഥലവും കെട്ടിടവും (തൊഴിലാളികൾ ഉൾപ്പെടെ) 11-8-2000-ൽ കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറി. ഇതിനുവേണ്ടി 150 ലക്ഷം രൂപ കെ. എൽ. ഡി. ബോർഡിന് നൽകുകയുണ്ടായി.

(സി) ആരംഭിച്ചിരുന്നു. എന്നാൽ സാമ്പത്തിക പരാധീനത കാരണം പണി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിഞ്ഞില്ല.

(ഡി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കെ. ഐ. റ്റി. സി. ഒ. യ്ക്ക് 8,72,644 രൂപ കൊടുത്തിട്ടുണ്ട്.

(ഇ) കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 46.10 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(എഫ്) കാർഷിക സർവ്വകലാശാല കോലാഹലമേട് ബേസ് ഫാം ഏറ്റെടുക്കുമ്പോൾ അന്നു നിലവിലുള്ള തൊഴിലാളികളിൽ ഒരാൾ കാർഷിക സർവ്വകലാശാലയുടെ സേവന വേതന വ്യവസ്ഥകളും മറ്റുള്ളവർ കെ. എൽ. ഡി. ബോർഡിന്റെ സേവന വ്യവസ്ഥകളുമാണ് അംഗീകരിച്ചത്.

(ജി) & (എച്ച്) സർക്കാരിന്റെ സാമ്പത്തിക പരാധീനതമൂലം കാർഷിക സർവ്വകലാശാല ഡയറി സയൻസ് കോളേജിനുവേണ്ടി ഏറ്റെടുത്ത കെ. എൽ. ഡി. ബോർഡിന്റെ കോലാഹലമേട്ടിലെ സ്ഥലത്ത് തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഐ) കോലാഹലമേട്ടിലെ സ്ഥലം നടപടിക്രമങ്ങൾ പാലിച്ച് കെ. എൽ. ഡി. ബോർഡിനുനൽകുവാൻ തീരുമാനമായിട്ടുണ്ട്. സ്ഥലത്തിന്റെ വിലയായി കെ. എൽ. ഡി. ബോർഡിനു നൽകിയ 150 ലക്ഷം രൂപ 31-3-2003-ലെ സർക്കാർ ഉത്തരവ് പ്രകാരം ബോർഡ് സർവ്വകലാശാലയ്ക്ക് തിരികെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) സർവ്വകലാശാലയുടെ കീഴിലുള്ള കോന്നി മണ്ണ് സംരക്ഷണ ഗവേഷണ കേന്ദ്രം, ഭക്ഷ്യ ഗവേഷണ കൗൺസിൽ സ്ഥാപിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കൈമാറുവാൻ ധാരണയായിട്ടുണ്ട്.

കാർഷിക സർവ്വകലാശാലയിലെ ഗവേഷണങ്ങൾ

124 [432] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഇപ്പോൾ ഗവേഷണ പരീക്ഷണ പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്;

(ബി) കാർഷിക സർവ്വകലാശാലയുടെ ഏക മണ്ണ്-ജല സംരക്ഷണ ഗവേഷണ കേന്ദ്രം, കോലാഹലമേട്ടിലെ ഡയറി സയൻസ് കോളേജിന്റെ സ്ഥലം, കെട്ടിടം എന്നിവ കെ. എൽ. ഡി. ബോർഡിന് കൈമാറാനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) തെങ്ങ് കൃഷിയുടെ പുരോഗതിക്കായി കാർഷിക സർവ്വകലാശാല എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) കാർഷിക സർവ്വകലാശാലയുടെ കുമരകം ഗവേഷണ കേന്ദ്രം മറ്റാർക്കെങ്കിലും കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ എന്തെല്ലാം പുതിയ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).†

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കോന്നി മണ്ണ് സംരക്ഷണ ഗവേഷണ കേന്ദ്രത്തിന്റെ സ്ഥലം ഭക്ഷ്യ ഗവേഷണ കൗൺസിൽ സ്ഥാപിക്കുന്നതിനുവേണ്ടി ചില നിബന്ധനകൾക്കു വിധേയമായി ഭക്ഷ്യപൊതുവിതരണ വകുപ്പിന് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിനുവേണ്ടി കെ. എൽ. ഡി. ബോർഡിന്റെ വക സ്ഥലവും കെട്ടിടവും കാർഷിക സർവ്വകലാശാല ഏറ്റെടുത്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക പരാധീനത കാരണം പ്രസ്തുത സ്ഥലം കെ. എൽ. ഡി. ബോർഡിന് തിരികെ നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

(സി) തെങ്ങുകൃഷിയുടെ പുരോഗതിക്കായും തെങ്ങിനുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധ നടപടികൾ കണ്ടുപിടിക്കുന്നതിനായും അത് പ്രാവർത്തികമാക്കുന്നതിനായുമുള്ള ഗവേഷണ പദ്ധതികൾ കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടന്നുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly